## താൽപ്പര്യപത്രം ക്ഷണിക്കുന്നു

2022-23 ലെ ശബരിമല മണ്ഡലം മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പമ്പ മണൽപ്പുറത്ത് 50 മീറ്റർ (164 അടി ) നീളത്തിലും 20 മീറ്റർ (66 അടി ) വീതിയിലും ( ആകെ 1000 ചതുരശ്ര മീറ്റർ ) 65 ദിവസത്തേക്ക് (15-11-2022 മുതൽ 20-01-2023 വരെ ) ജർമ്മൻ ഹാങ്ങർ പന്തൽ (കുറഞ്ഞത് 1 അടി ഉയരമുള്ള പ്ലാറ്റ്ഫോം ഉൾപ്പടെ) ചെയ്യാൻ താല്പര്യമുള്ള കോൺട്രാക്ടർമാർ, ടാക്സി ഹൗസുകൾ, ഈ രംഗത്ത് പ്രാവീണ്യമുള്ള വ്യക്തികൾ എന്നിവരിൽ നിന്നും മുദ്രവെച്ചകവറിൽ താൽപ്പര്യപത്രം ക്ഷണിക്കുന്നു .

**നിബന്ധനകൾ**

1. താൽപ്പര്യമുള്ളവർ 65 ദിവസത്തേക്ക് ജർമൻ ഹാങ്ങർ പന്തലിന്റെ ഒരു ചതുരശ്ര മീറ്ററിനുള്ള നിരക്കും ഒരു അടിയെങ്കിലും പൊക്കമുള്ള പ്ലാറ്റ്ഫോമിനുള്ള നിരക്കും പ്രത്യേകം ഒരു വെള്ളപേപ്പറിലോ ലെറ്റർ ഹെഡിലോ എഴുതി / ടൈപ്പ് ചെയ്ത് മുദ്രവെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.
2. പന്തലിന്റെ വശങ്ങൾ മറയ്ക്കുന്നതിനു പ്രത്യേകം തുക ഈടാക്കുമെങ്കിൽ ആയതിന്റെ നിരക്കും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.
3. ടി നിരക്ക് GST ഉൾപ്പടെയാണോ എന്നത് വ്യക്തമാക്കേണ്ടതാണ്.
4. പന്തൽ സ്ഥാപിക്കേണ്ട സ്ഥലം വ്യക്തമായി കണ്ട് മനസിലാക്കിയതിനു ശേഷമായിരിക്കണം താൽപ്പര്യപത്രം സമർപ്പിക്കേണ്ടത്.
5. താൽപ്പര്യമുള്ളവർ ഇത്തരത്തിൽ ഏറ്റെടുത്തു ചെയ്തിട്ടുള്ള 5 പ്രവർത്തികളുടെ വിശാദാ ശങ്ങളും (ഫോട്ടോ സഹിതം) ഇതോടൊപ്പം സമർപ്പിക്കേണ്ടതാണ്
6. താൽപ്പര്യപത്രം സ്വികരിക്കാനും നിരാകരിക്കുവാനുമുള്ള പൂർണ്ണ അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ ശബരിമല ഡെവലപ്മെൻറ് പ്രൊജക്റ്റ് പത്തനംതിട്ടയിൽ നിക്ഷിപ്തമായിരിക്കും .

കൂടുതൽ വിവരങ്ങൾക്ക് പമ്പ അസിസ്റ്റന്റ് എൻജിനീയർ ആഫീസുമായോ പത്തനംതിട്ട എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസുമായോ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

Phone :- അസിസ്റ്റന്റ് എൻജിനീയർ :- 9447263084
എക്സിക്യൂട്ടീവ് എൻജിനീയർ ;- 9447077409

**താൽപ്പര്യപത്രം അയക്കേണ്ട മേൽവിലാസം**

എക്സിക്യൂട്ടീവ് എൻജിനീയർ
എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസ്
ശബരിമല ഡെവലപ്മെൻറ് പ്രൊജക്റ്റ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്
പത്തനംതിട്ട.

**അവസാന തീയതി :- 31-10-2022, 3 pm**

തീയതി:- 25/10/2022
പത്തനംതിട്ട.

OFFICE OF THE EXECUTIVE ENGINEER
PATHANAMTHITTA
SABARIMALA DEVELOPMENT PROJECT

ഒപ്പ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ശബരിമല ഡെവലപ്മെൻറ് പ്രൊജക്റ്റ്
പത്തനംതിട്ട.